# പിറവിപ്പുറപ്പാട്

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ക്രിസ്തുമസ്സിനുമുമ്പ്
ദിനാന്ത്യനിഴലിൽ
കൊടിമരത്തിന്റെ
ഉയരക്കണക്ക്
ക്ഷേത്രഗണിതം.
ഉറ്റുനോക്കിയലട്ടൽ
എന്നുമൊരേ ചോദ്യം:
കുമ്മായമടിഞ്ഞ
കൂടിന്റെ ചട്ടക്കൂട്
മേഞ്ഞലങ്കരിക്കാൻ
ഈന്തപ്പട്ടയോ,
വയ്ക്കോലോ,
വിഷധൂളിത-
യേസ്ബെസ്റ്റസോ?

വർണ്ണം പൊതിഞ്ഞ
മുളന്തണ്ടുവാരി
ഷണ്മുഖമുള്ള
ദാവീദിന്റെ താരമോ?
പഞ്ചബാണമണിയു-
മാകാശഗംഗയോ?
വാൽനക്ഷത്ര-
ദ്വീപം തെളിക്കാൻ
വിങ്ങും മെഴുതിരിയോ,
മിന്നും "എല്ലീഡിയോ?"***

കണിയായ്
കാണിക്കയായ്

നവരാജരുടെ
വിലയേറും പ്ലേറ്റിനമോ,
മുന്തിയ ###ബർബെറിസ്സുഗന്ധമോ,
ഉത്തരധുനാതന പ്ലാസ്റ്റിക്കോ?

കഥാന്ത്യ സമസ്യാപൂരണപ്രശ്നം:
വൃത്താകാരശ്ശയ്യയിൽ
വർഷാവർത്തനങ്ങളിൽ
കിടത്തിയുറക്കു-
പാട്ടുപാടാറുള്ള,
മുഷിഞ്ഞു ചായമടർന്ന
ഉണ്ണിയേശുവിന്റെ
പ്രതിമ പ്രതികരിക്കുന്നത്
എളുപ്പം നിറംമങ്ങും വെളുപ്പിലോ
കറയിലിരുളാത്ത കറുപ്പിലോ?
*****************************************************************************************************************

( ***എല്ലീഡി = LED: Light Emitting Diode; ###ബർബെറി = വിലപിടിച്ച ഒരു സുഗന്ധദ്രവ്യം)